**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *67 30.10.2019-ൽ മറുപടിക്ക്

## ഭൂ-ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>,, ആന്റണി ജോൺ<br>,, എം. രാജഗോപാലൻ<br>,, കെ.ഡി. പ്രസേനൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ഭൂ-ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും മൂന്ന് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (ആർ.ഓ.ആർ) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. അർഹരായ എല്ലാ ഭവനരഹിതർക്കും ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3536 കുടുംബങ്ങൾക്ക് 3444.05 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്.<br><br><u>നിക്ഷിപ്തവനഭൂമി വിതരണം</u><br><br>കാസർഗോഡ് (37.2), കണ്ണൂർ (83), വയനാട് (3008.0879), മലപ്പുറം (203.64), പാലക്കാട് (4360.8972) ജില്ലകളിലായി ആകെ 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് കേന്ദ്രാനുമതിയും തുടർന്ന് ബഹു. സുപ്രീം കോടതിയുടേയും അനുമതി ലഭിച്ചത്. ആയതിൽ 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. അതിൽ 958.717 ഹെക്ടർ വനാവകാശ നിയമ പ്രകാരവും, 2610.53 ഹെക്ടർ ഭൂമിയ്ക്ക് കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിമാരുടേയും, ഉന്നത ഉദ്യോഗസ്ഥരുടേയും നിരവധി യോഗങ്ങൾ ചേരുകയും തുടർന്ന് കാസർഗോഡ് (30.36 ഹെക്ടർ), മലപ്പുറം (10 |

| | | | |
|---|---|---|---|
| | | | ഹെക്ടർ), പാലക്കാട് (499.78 ഹെക്ടർ) എന്നിവിടങ്ങളിൽ ആകെ 540.14 ഹെക്ടർ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 68.46 ഹെക്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. മലപ്പുറം ജില്ലയിൽ 91 ഹെക്ടർ, വയനാട് ജില്ലയിൽ 48 ഹെക്ടർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സംയുക്ത പരിശോധന, സർവ്വേ പ്രവർത്തനം എന്നിവ അന്തിമ ഘട്ടത്തിലാണ്.<br><br>ഭൂമി വാങ്ങി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക്)<br><br>ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 03/03/2018-ലെ 21/2018/പജപവവിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 747.42 ഏക്കർ ഭൂമി വാങ്ങുന്ന കാര്യം ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസർഗോഡ്, മലപ്പുറം ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻതന്നെ വാങ്ങി നൽകാൻ നടപടി പുരോഗമിച്ചു വരുന്നു.<br><br>വനാവകാശ നിയമം 2006<br><br>വനാവകാശ നിയമം 2006 പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ 25848 പേർക്ക് 34587.70 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5210 അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 968 പേർക്ക് 1551 ഏക്കർ വനാവകാശ നിയമം പ്രകാരവും 454 പേർക്ക് 169.46 ഏക്കർ ഭൂമി വാങ്ങി നൽകിയും 99 പേർക്ക് 9.9 ഏക്കർ റവന്യൂ ഭൂമിയും 1593 പേർക്ക് 1326.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും ആലപ്പുഴയിൽ 43 പേർക്ക് 10.75 ഏക്കർ ഭൂമിയും, പാലക്കാട് ജില്ലയിലെ വല്ലങ്കിയിൽ ജലസേചന വകുപ്പിന്റെ 17.40 ഏക്കർ 87 പേർക്കും, എറണാകുളം പന്തപ്രയിൽ 67 പേർക്ക് 134 ഏക്കർ വനഭൂമിയും, മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്ത 225 പേർക്ക് 225 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര ഏക്കർ ഭൂമി വിതരണം | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 968 പേർക്ക് 1551 ഏക്കർ വനാവകാശ നിയമം പ്രകാരവും 454 പേർക്ക് 169.46 ഏക്കർ ഭൂമി വാങ്ങി നൽകിയും 99 പേർക്ക് 9.9 ഏക്കർ റവന്യൂ ഭൂമിയും 1593 |

| | | | |
|---|---|---|---|
| | ചെയ്തിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; | | പേർക്ക് 1326.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും ആലപ്പുഴയിൽ 43 പേർക്ക് 10.75 ഏക്കർ ഭൂമിയും, പാലക്കാട് ജില്ലയിലെ വല്ലങ്കിയിൽ ജലസേചന വകുപ്പിന്റെ 17.40 ഏക്കർ 87 പേർക്കും, എറണാകുളം പന്തപ്രയിൽ 67 പേർക്ക് 134 ഏക്കർ വനഭൂമിയും, മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്ത 225 പേർക്ക് 225 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |
| സി) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരെ അവരുടെ താത്പര്യ പ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ അവരുടെ താത്പര്യ പ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ഈ വകുപ്പ് സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**